## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6541 | 01.11.2011-ലെ മറുപടിക്ക് |
|---|---|

### മാനസികാരോഗ്യ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) മാനസികാരോഗ്യ സംരക്ഷണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത്; | എ) മെഡിക്കൽ കോളേജ് സൈക്യാട്രി വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി. ആലപ്പുഴ ഒഴികെയുള്ള ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ഡി-അഡിക്ഷൻ വാർഡുകൾ സ്ഥാപിച്ചു. ഇതു കൂടാതെ ആഴ്ചയിൽ ഒരു ദിവസം പ്രത്യേക ഡി-അഡിക്ഷൻ ഒ.പി.യും നടത്തി വരുന്നു. തിരുവനന്തപുരം, ഇടുക്കി, തൃശ്ശൂർ, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ ജില്ലാ മാനസികാരോഗ്യ പരിപാടി നടപ്പിലാക്കുകയും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായ കാലാവധി കഴിഞ്ഞ മുറയ്ക്ക് തിരുവനന്തപുരം, തൃശ്ശൂർ ജില്ലാ മാനസികാരോഗ്യ പരിപാടി സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. എൻ.ആർ.എച്ച്.എം -ന്റെ സാമ്പത്തിക സഹായത്തോടുകൂടി കാസർഗോഡ്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ മാതൃകയിൽ 'കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കി. ജില്ലാ മാനസികാരോഗ്യ പരിപാടിയുടേയും കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് പ്രോഗ്രാമിന്റെയും പ്രവർത്തനത്തിന്റെ ഭാഗമായി പദ്ധതി നടപ്പിലാക്കിയ ജില്ലകളുടെ ഉൾപ്രദേശങ്ങളിൽ വരെ മാനസികാരോഗ്യ ക്ലിനിക്കു |

| | |
|---|---|
| | കളും സൗജന്യ ചികിത്സയും മരുന്ന് വിതരണവും നടത്തി വരുന്നു. ഈ പരിപാടിയുടെ ഭാഗമായി ചികിത്സാ രംഗത്തെ ഡോക്ടർമാർ ഉൾപ്പെടെയുള്ള വിവിധ വിഭാഗങ്ങൾക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും അവരുടെ സഹായത്തോടെ മനോരോഗ ചികിത്സയും നൽകി വരുന്നു. കൂടാതെ വ്യാപകമായ പൊതുജന ബോധവത്കരണ പരിപാടിയും നടത്തുന്നുണ്ട്. മനോരോഗ ചികിത്സയ്ക്ക് ആവശ്യമായ ആധുനിക ഔഷധങ്ങൾ വരെ സൗജന്യമായി ലഭ്യമാക്കുവാൻ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ വഴി നടപടികൾ സ്വീകരിച്ചു വരുന്നു. രോഗം ഭേദമായ രോഗികൾക്ക് പുനരധിവാസത്തിനായി വിവിധ ഏജൻസികൾ വഴി പുനരധിവാസത്തിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| ബി) മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിന് എന്തെല്ലാം പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്; <br><br> സി) പ്രസ്തുത കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ബി) & (സി) കേന്ദ്ര സർക്കാരിൽ നിന്നും 2005-2006 കാലഘട്ടത്തിൽ ലഭിച്ച 645 ലക്ഷം രൂപ വിനിയോഗിച്ച് തിരുവനന്തപുരം തൃശ്ശൂർ, കോഴിക്കോട്, മാനസികാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുവഴി രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സയും പരിചരണവും ലഭ്യമാക്കുവാനും കഴിഞ്ഞിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനങ്ങളുടെ ഭാഗമായി പഴയ കെട്ടിടങ്ങൾ പുനരുദ്ധരിക്കുകയും പുതിയ പല ബ്ലോക്കുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ DNB Psychiatry കോഴ്സ് ലഭ്യമാക്കിയിട്ടുണ്ട്. 3 സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങൾക്കും കൂടി പൊതുവായ സ്റ്റാഫ് പാറ്റേൺ രൂപീകരിച്ച് അതിനനുസൃതമായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ